# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 969 — 07/02/2013-ൽ മറുപടിക്ക്

## അപകടത്തിൽപ്പെടുന്ന തെങ്ങുകയറ്റതൊഴിലാളികൾക്കുള്ള ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) തെങ്ങുകയറ്റതൊഴിലാളികൾ തൊഴിലിനിടയിൽ അപകടത്തിൽപ്പെടുകയോ മരണപ്പെടുകയോ ചെയ്താൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന അടിയന്തര സഹായങ്ങൾ എന്തെല്ലാം; പ്രസ്തുത സഹായങ്ങൾ കാലതാമസം കൂടാതെ തൊഴിലാളികൾക്ക് ലഭ്യമാവുമോയെന്നത് വ്യക്തമാക്കാമോ; | (എ) കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തെങ്ങുകയറ്റതൊഴിലാളികൾ തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് 50,000/- രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000/- രൂപയും എക്സ്-ഗ്രേഷ്യാ ധനസഹായം അനുവദിക്കുന്നുണ്ട്. മേൽ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ കൈപ്പറ്റിയവർക്ക് കാലാകാലങ്ങളിൽ സർക്കാർ അനുശാസിക്കുന്ന പെൻഷൻ നൽകുന്നതിന് '2012-ലെ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി' ആരംഭിച്ചിട്ടുണ്ട്. 1969-ലെ ചെത്തുതൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളിക്ക് മേൽ സഹായങ്ങൾ ലഭ്യമല്ല. |
| (ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികളും മാർഗ്ഗരേഖയും വിശദമാക്കുമോ; | (ബി) മരംകയറ്റ തൊഴിലാളിക്ക് അപകടം സംഭവിച്ച ദിവസം മുതൽ അല്ലെങ്കിൽ മരണം സംഭവിച്ച ദിവസം മുതൽ 90 ദിവസത്തിനകം ഈ പദ്ധതി പ്രകാരമുള്ള |

സാമ്പത്തിക സഹായത്തിനായി ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ ലേബർ ഓഫീസർക്ക് ഫോറം (i) ൽ അപേക്ഷ നൽകണം. എന്നാൽ നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ അർഹത പരിഗണിച്ച് കാലതാമസത്തിന്റെ കാര്യത്തിൽ ഇളവ് നൽകി ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകുന്നത്.

(സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എത്ര തൊഴിലാളികൾ തൊഴിലിനിടെ മരണപ്പെട്ടിട്ടുണ്ട്, അപകടത്തിൽപ്പെട്ടിട്ടുണ്ട് എന്നും ആരെല്ലാം എന്നും പേര്, വിലാസം സഹിതം വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ 4 തെങ്ങുകയറ്റ തൊഴിലാളികൾ തൊഴിലിനിടെ മരണമടയുകയും 7 പേർക്ക് അപകടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

**മരണമടഞ്ഞവർ**

1 മോഹനൻ, ഈന്തംവള്ളി, പന്തലായനി, കൊയിലാണ്ടി

2 ബാലൻ, ആലിയങ്ങാട്ട്, മൂടാടി, കൊയിലാണ്ടി

3 ദാമോദരൻ, കോറോത്ത്, മുചുകുന്ന്, കൊയിലാണ്ടി

4 നാരായണൻ. കീഴേലത്ത് താഴെ, കീഴൂർ, പയ്യോളി

**അപകടം സംഭവിച്ചവർ**

1 അശേകൻ.കെ.റ്റി, മനയിൽ, പയ്യോളി

2 ഗോപാലൻ.പി.കെ, പുള്ളുവനംകണ്ടി, മുചുകുന്ന്, കൊയിലാണ്ടി.

3 ശ്രീനിവാസൻ, താഴെ അറത്തിൽ (വിവേകാനന്ദ്), കൊല്ലം, കൊയിലാണ്ടി

4 കുഞ്ഞിരാമൻ, ഈയ്യഞ്ചേരി, ചിങ്ങപുരം, തിക്കോടി

5 കെ.രാജൻ, വള്ളിയത്ത്, ചിങ്ങപുരം, തിക്കോടി

6 മൊയ്തു, മുഖാമിക്കണ്ടി, കൊയിലാണ്ടി ബസാർ, കൊയിലാണ്ടി

7 മോഹനൻ, ധർമ്മോടി, മുചുകുന്ന്, കൊയിലാണ്ടി

(ഡി) ഇവരിൽ ആർക്കെല്ലാം ആനുകൂല്യം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ; വിതരണം ചെയ്തില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; ആനുകൂല്യം എന്ന് വിതരണം ചെയ്യുമെന്നും വ്യക്തമാക്കാമോ?

(ഡി) മരണം സംഭവിച്ചവരിൽ നാരായണൻ ഒഴികെയുള്ളവർക്ക് 50,000/- രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. നാരായണന്റെ ആശ്രിതയായ ശ്രീമതി. സതി, കീഴേലത്ത് താഴെ എന്നയാളിന് ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപകടത്തിൽപ്പെട്ടവരിൽ മൊയ്തു, മോഹനൻ (ക്രമനമ്പർ 6, 7) എന്നിവർക്കൊഴികെ 25,000/-രൂപ ധനസഹായം നൽകിയിട്ടുണ്ട്. മൊയ്തു, മോഹനൻ എന്നിവരുടെ അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് അന്വേഷണത്തി നായി നൽകിയിട്ടുള്ളതും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ

JSK/